# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ.226/2024 തിരുവനന്തപുരം, തീയതി: 09/10/2024

## പത്രക്കുറിപ്പ്

## കേരളസർവകലാശാലയുടെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഒക്ടോബർ 11 ന് അവധി പ്രഖ്യാപിച്ചു

നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി കേരളസർവകലാശാലയിലെ പഠന വകുപ്പുകൾക്കും അഫിലിയേറ്റഡ് കോളേജുകൾക്കും 2024 ഒക്ടോബർ 11 ന് അവധി ആയിരിക്കും.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2024 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ (സി.ബി.സി.എസ്.എസ്) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി ഒക്ടോബർ 10 മുതൽ 18 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ E.J.V സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2024 ജൂൺ മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ B.P.Ed. (നാലു വർഷ ഇന്നൊവേറ്റീവ് കോഴ്സ് – 2022 സ്കീം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

## പി.ജി.ഡിപ്ലോമ ഇൻ യോഗ തെറാപ്പി

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി.ഡിപ്ലോമ ഇൻ യോഗ തെറാപ്പി കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത : കേരള സർവകലാശാല അംഗീകരിച്ച ബിരുദം;കോഴ്സ് കാലാവധി : ഒരു വർഷം; ക്ലാസുകൾ : രാവിലെ 7 മുതൽ 9 വരെ; കോഴ്സ് ഫീസ് : 19500 രൂപ; അപേക്ഷ ഫീസ് : 100 രൂപ; അവസാന തീയതി : 21.10.2024; ഉയർന്ന പ്രായ പരിധി ഇല്ല; SBIയിൽ A/c. No. 57002299878 ൽ Rs. 100 രൂപ അടച്ച രസീതും മാർക്കുലിസ്റ്റുകളുടേയും സർട്ടിഫിക്കറ്റുകളുടെയും പകർപ്പും സഹിതം P.M.G. JN., Students Centre Campus se CACEE ഓഫീസിൽ ബന്ധപെടുക.

കേരള യൂണിവേഴ്സിറ്റി വെബ്സൈറ്റ് (www.keralauniversity.ac.in) നിന്നും Home page- Academic- Centres- Centre for Adult Continuing Education and Extension page ൽ നിന്നും അപേക്ഷാഫോറം ഡൗൺലോഡ് ചെയ്യാവുന്നതാണ്. Phone No. 0471-2302523.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |